പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : T.4221

24.10.2016 ൽ
മറുപടി നൽകേണ്ടിയിരുന്നത്.

## പബ്ലിക് പ്രോസിക്യൂട്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയമനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.കൃഷ്ണൻകുട്ടി<br>" സി.കെ.നാണു<br>" തോമസ് ചാണ്ടി<br>" കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| (എ) മുൻസർക്കാരിന്റെ കാലത്തെ പബ്ലിക് പ്രോസിക്യൂട്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയമനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും നടന്നതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | പബ്ലിക് പ്രോസിക്യൂട്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ നിയമനത്തിൽ അഴിമതിയും സ്വജനപക്ഷപാതവും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ; | | |
| (സി) മുൻസർക്കാരിന്റെ കാലത്ത് നിയമിച്ച പബ്ലിക് പ്രോസിക്യൂട്ടർ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ എന്നിവരുടെ മേൽവിലാസം ലഭ്യമാക്കാമോ; | (സി) | മുൻസർക്കാരിന്റെ കാലത്ത് നിയമിച്ച പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും മേൽവിലാസം യഥാക്രമം അനുബന്ധം (1) (2) എന്നിവയായി ചേർക്കുന്നു. |
| (ഡി) മേൽപ്പറഞ്ഞ നിയമനങ്ങളിൽ സംവരണമാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങൾ പ്രകാരം അതാതു ജില്ലാ കളക്ടർമാർ നൽകുന്ന പാനൽ അനുസരിച്ചാണ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം നടത്തി വരുന്നത്. അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് പി.എസ്.സി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഒഴിവുകളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ നിന്നുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്